# പഠനത്തിനായി പാതയൊരുക്കാം

# മുന്നേറാം

സ്റ്റാൻഡേർഡ് 9

## മലയാളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) കേരളം

# ആമുഖം

മാനവരാശി അത്യപൂർവമായി അഭിമുഖീകരിക്കേണ്ടിവന്ന മഹാമാരികളിൽ ഒന്നാണല്ലോ കോവിഡ് 19. ഇതിന്റെ പശ്ചാത്തലത്തിൽ രണ്ടു വർഷത്തോളം സ്കൂളുകൾ തുറന്നു പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാവുകയും ഔപചാരിക പഠനപ്രവർത്തനങ്ങൾക്ക് പ്രതിബന്ധം ഉണ്ടാവുകയും ചെയ്തു. സ്കൂളുകൾ അടച്ചിട്ടതുമൂലം ഓരോ പ്രായത്തിലും ഉള്ള കുട്ടികൾക്ക് ലഭിക്കേണ്ട സാമൂഹിക, വൈകാരിക, ബൗദ്ധിക തലങ്ങളിലെ വികാസത്തിനുള്ള അനുഭവങ്ങൾ ലഭിക്കാതെ പോയിട്ടുണ്ട്. എങ്കിലും ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും കഴിയാത്തവിധം ഡിജിറ്റൽ ക്ലാസുകൾ ഉറപ്പാക്കി ഇതിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തി, കേരളം ലോകത്തിന് തന്നെ മാതൃകയായി. കോവിഡ് 19 മൂലം കുട്ടികളിൽ പൊതുവായി കാണുന്ന സാമൂഹിക വൈകാരിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതോടൊപ്പം കുട്ടികൾക്ക് ഉണ്ടായ പഠന വിടവുകളും അതുമൂലം ഉണ്ടായ പഠനപ്രയാസങ്ങളും കണ്ടെത്തി കൈത്താങ്ങ് നൽകേണ്ടതുണ്ട്. അതിനായിട്ടാണ് ഈ പ്രവർത്തനസഞ്ചയം പ്രസിദ്ധീകരിക്കുന്നത്. ഓരോ പ്രായഘട്ടത്തിലും കുട്ടികൾ ആർജിച്ചിരിക്കേണ്ട അനുഭവതലവും അതിനായി ഉണ്ടാകേണ്ട അടിസ്ഥാനധാരണകളും നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തിയാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ ചിന്താപ്രക്രിയയും വിശകലനശേഷിയും സ്വാധീനിക്കുന്നവിധം വിവിധ മുന്നറിവുകൾ ഉപയോഗിച്ച് ബൗദ്ധികവികാസവും അതുവഴി ഭാഷാവികാസവും പരിപോഷിപ്പിക്കാനുള്ള ഒരു പദ്ധതിക്കാണ് ഇതിലൂടെ തുടക്കമിടുന്നത്.

**ഡയറക്ടർ**

**അധ്യാപകരോട്...**

പഠനപ്രവർത്തനങ്ങൾ വൈവിധ്യമാർന്ന ശേഷികളും ആശയ ധാരണകളും നേടുന്നതിന് അനുഗുണമായ വിധത്തിലുള്ള സർഗാത്മക പുനരനുഭവപ്രവർത്തനങ്ങൾ ആയാണ് തയ്യാറാക്കിയിരിക്കുന്നത്. അതോടൊപ്പം ആവശ്യമെങ്കിൽ മുൻകാലത്ത് ലഭ്യമാക്കിയിട്ടുള്ള എന്റെ മലയാളം, നവപ്രഭ, ശ്രദ്ധ തുടങ്ങിയ പഠന സാമഗ്രികളിലെ പ്രവർത്തനങ്ങളും യഥോചിതം പ്രയോജനപ്പെടുത്താവുന്നതാണ്. മറ്റ് താഴ്ന്ന ക്ലാസുകൾക്കായി നല്കിയിട്ടുള്ള ചില പ്രവർത്തനങ്ങളും ആവശ്യമെങ്കിൽ ഭാഷാശേഷീവികസനത്തിനായി ഉപയോഗിക്കാവുന്നതാണ്.

യു.പി, ഹൈസ്കൂൾ തലങ്ങളിൽ അടിസ്ഥാനപാഠാവലി ആധാരമാക്കിയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളതെങ്കിലും കേരളപാഠാവലിയുടെ ക്ലാസ്റൂം പ്രവർത്തനങ്ങൾക്കു കൂടി അനുയോജ്യമായ രീതിയിൽ ഇതിലെ പ്രവർത്തനങ്ങളുടെ ഉള്ളടക്കത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രയോജനപ്പെടുത്താവുന്നതാണ്.

കുട്ടികളുടെ വിവിധങ്ങളായ പഠനപ്രശ്നങ്ങളും പഠനവിടവുകളും പരിഹരിക്കുന്നതിന് ശിശുകേന്ദ്രീകൃതവും പ്രക്രിയാധിഷ്ഠിതവും ജ്ഞാനനിർമ്മിതി സങ്കൽപ്പത്തിന് ഇണങ്ങുന്നതും നിരന്തരവിലയിരുത്തൽ സാധ്യതകൾ പരിഗണിക്കുന്നതുമായ പഠനരീതിയും സമീപനവുമാണ് സ്വീകരിക്കേണ്ടത്. വൈവിധ്യപൂർണ്ണമായ പഠനാനുഭവങ്ങളാണ് ഇതിനായി ആസൂത്രണം ചെയ്യേണ്ടത്. വൈകാരികമുഹൂർത്തങ്ങൾ, രസകരമായ സംഭവങ്ങൾ, നാടകീയതയുള്ള രംഗങ്ങൾ, കൗതുകം ഉണർത്തുന്ന കാര്യങ്ങൾ, ഭാവന ഉണർത്തുന്ന ഉള്ളടക്കം, താളാത്മകമായ ഭാഷ, ആകർഷകമായ അവതരണം ഇതെല്ലാം കുട്ടികൾക്ക് നൽകുന്ന പഠനപ്രവർത്തനങ്ങൾക്ക് ഉണ്ടായിരിക്കേണ്ട സവിശേഷതകളാണ്.

കുട്ടികൾക്ക് താല്പര്യമുള്ള പാട്ടുകൾ, ദൃശ്യങ്ങൾ, സിനിമാഭാഗങ്ങൾ/ഗാനങ്ങൾ, ഷോർട്ട് ഫിലിമുകൾ, നാടൻപാട്ടുകൾ, കലാകായിക പരിപാടികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ആഡിയോ, വീഡിയോ പഠനസാമഗ്രികൾ മുതലായവ സർഗാത്മകമായി ക്ലാസിൽ പ്രയോജനപ്പെടുത്തണം. ടീച്ചറുടെ നിരന്തരവിലയിരുത്തലിനും ഒപ്പംതന്നെ സ്വന്തം പുരോഗതി സ്വയംവിലയിരുത്താനും കുട്ടിക്കും അവസരം ലഭിക്കണം. ഉള്ളടക്കപരമായി ഉണ്ടായ വിടവ് നികത്തുന്നതിന് വേണ്ടി പാഠഭാഗങ്ങളെ കൂടുതൽ വൈവിധ്യപൂർണ്ണമായ സാമഗ്രികൾ ഉപയോഗിച്ച് വിശകലനം ചെയ്യുന്നതിന് ഉതകുന്ന മികച്ച പുനരനുഭവങ്ങളും നൽകണം.

ഏറെ പിന്നാക്കം നിൽക്കുന്നവരെ ക്രമേണ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കാൻ അധ്യാപകർ ശ്രമിക്കണം. അതിന് ക്ലാസ്റൂം അന്തരീക്ഷം പ്രചോദനാത്മകവും പ്രോത്സാഹജനകവും ആകണം. കുട്ടികളുടെ ഭാഷയും ഭാവനയും സർഗാത്മകതയും വികസിക്കുന്ന വിധത്തിലുള്ള ഊർജ്ജസ്വലമായ അന്തരീക്ഷം ക്ലാസിലുണ്ടാവണം. എല്ലാ കുട്ടികൾക്കും വ്യക്തിഗതമായ ശ്രദ്ധ ലഭിക്കുന്നു എന്ന് പ്രത്യേകം ഉറപ്പുവരുത്തുകയും വേണം. അധ്യാപകന്റെ ഭാഷയിലും പെരുമാറ്റത്തിലും ഇടപഴകലിലും പിന്തുണയിലും എല്ലാം സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും വൈകാരികതലം കുട്ടിക്ക് അനുഭവപ്പെടണം.

അധ്യാപകന്റെ/അധ്യാപികയുടെ ബോർഡ് എഴുത്തും ചാർട്ട് എഴുത്തും മാതൃകാപരമാവണം. പാഠ പുസ്തകത്തിലെ ലിപി തന്നെ ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത് നന്നായിരിക്കും. ഓരോ ടീച്ചറും പഴയതും പുതിയതുമായ ലിപികൾ ഇടകലർത്തി ഉപയോഗിക്കുന്നത് കുട്ടികൾക്ക് വലിയ ആശയക്കുഴപ്പം ഉണ്ടാക്കുന്നുണ്ട്. അത് കുട്ടിയുടെ എഴുത്തിലെ പിഴവുകൾക്ക് കാരണമാവുന്നുണ്ട് എന്ന് നാം തിരിച്ചറിയണം. ഓരോ കുട്ടിയുടെയും പഠനവേഗം, ശൈലി എന്നിവ വ്യത്യസ്തമാണ് എന്ന തിരിച്ചറിവ് എപ്പോഴും അധ്യാപകർക്ക് ഉണ്ടാവണം. ക്ഷമയോടുകൂടി അത്തരം സാഹചര്യങ്ങളെ മറികടക്കാൻ ശ്രമിക്കണം. കുട്ടിക്ക് കൂടുതൽ ഊർജ്ജവും ആത്മവിശ്വാസവും പകരണം. കുട്ടിയുടെ ഭാഷാപരമായ മികവുകളും പോരായ്മകളും മനസ്സിലാക്കി സഹായിക്കേണ്ടത് എങ്ങനെ യെന്ന് രക്ഷിതാവിന് തിരിച്ചറിയാൻ കഴിയണം. കുട്ടിക്ക് വീട്ടിൽ ഒരുക്കേണ്ട വായനാനുഭവം, എഴുത്തനുഭവം, അവ മെച്ചപ്പെടുത്താനുള്ള എഡിറ്റിംഗ് എന്നിവ സംബന്ധിച്ച് ക്ലാസ് പി.ടി.എ, ഗൃഹസമ്പർക്കം തുടങ്ങിയ സന്ദർഭങ്ങളിൽ രക്ഷിതാക്കൾക്ക് പ്രായോഗിക ധാരണ നൽകണം. ഭിന്നശേഷി കുട്ടികൾക്കായുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ ഓരോ കുട്ടിക്കും അനുയോജ്യമായ വിധത്തിൽ വ്യക്തിഗത സവിശേഷതകൾ കൂടി പരിഗണിച്ചാണ് വിനിമയം ചെയ്യേണ്ടത്. ഇതിനായി റിസോഴ്സ് അധ്യാപകരുമായിച്ചേർന്ന് പ്രത്യേക ആസൂത്രണം നടത്തേണ്ടതാണ്.

വാചിക, ലിഖിത പ്രകടനങ്ങളിൽ ആത്മവിശ്വാസം വളരുന്നതിനായി കൂട്ടായി വായിക്കാനും എഴുതാനുമുള്ള അവസരങ്ങൾ ക്ലാസിൽ ഒരുക്കണം അതിനൊപ്പം പരസ്പരം വിലയിരുത്താനും പരസ്പരം സഹായിച്ച് മെച്ചപ്പെടുത്താനുമുള്ള മനോഭാവവും കുട്ടികളിൽ സൃഷ്ടിക്കണം.

പഠനപ്രയാസമനുഭവിക്കുന്ന കുട്ടികളുടെ എഴുത്തുപുസ്തകം കഴിയുന്നതും എല്ലാ ദിവസവും ടീച്ചർ വിലയിരുത്തുകയും ആവശ്യമായ പിന്തുണകൾ നൽകുകയും ചെയ്യണം. അവരുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന നേരിയ പുരോഗതി പോലും പ്രത്യേകം എടുത്തുപറഞ്ഞു അഭിനന്ദിക്കണം. നോട്ടുപുസ്തകത്തിൽ അഭിനന്ദനവാക്യങ്ങൾ, നക്ഷത്ര ചിഹ്നങ്ങൾ പോലെയുള്ള പ്രോത്സാഹനമുദ്രകൾ എന്നിവയും രേഖപ്പെടുത്തുന്നത് ഏറെ പ്രചോദനം നൽകും.

ഈ ഭാഗം ഒമ്പതാം ക്ലാസിലെ കുട്ടികൾക്കായിട്ടുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഇതിലെ പ്രവർത്തനങ്ങൾ മാതൃകയായി കണ്ടുകൊണ്ട് ഓരോ പ്രദേശത്തിനും കുട്ടികളുടെ നിലവാരത്തിനും അനുസരിച്ച് അധ്യാപകർ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഒമ്പതാം ക്ലാസിലെ വായന, ലേഖനം എന്നിവയ്ക്ക് പുറമേ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. പദഘടന, വാക്യഘടന, ചിഹനം, പദങ്ങളുടെ ഔചിത്യം, ആശയ സമഗ്രത, കൃത്യത, വ്യക്തത, ഖണ്ഡികാകരണം എന്നിവ പാലിച്ച് രചനകൾ നിർവഹിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആസ്വാദനത്തിനും സർഗാത്മകതയ്ക്കും സ്വതന്ത്ര ചിന്തയ്ക്കും പ്രാധാന്യമുള്ള പ്രവർത്തനങ്ങളും കാണാം കവിത, കഥ തുടങ്ങിയ രചനകൾ ഭാവം, താളം, ഈണം ഉൾക്കൊണ്ട് വായിക്കുന്നതിനും ആസ്വാദനാംശങ്ങൾ തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ കുട്ടികളിൽ ചില മൂല്യങ്ങളും മനോഭാവങ്ങളും വികസിക്കാൻ ഉതകുന്ന ഭാഷാപഠനപ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചില കുട്ടികൾക്കെങ്കിലും അക്ഷരത്തിലും പദതലത്തിലും വാക്യതലത്തിലും ഉള്ള പഠനപ്രയാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്ന പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ടതാണ്. എല്ലാ അധ്യാപകരുടെയും ആത്മാർഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

## ക്ലാസ് 9

## പ്രവർത്തനം 1 – വിശകലനക്കുറിപ്പ്

**ശേഷികൾ/ധാരണകൾ**

- ഇഷ്ടപ്പെട്ട വിഷയങ്ങളെക്കുറിച്ച് നിർഭയം സംസാരിക്കാനുള്ള കഴിവ് നേടൽ
- ആശയങ്ങൾ ഗ്രഹിക്കാനുള്ള കഴിവ് നേടൽ
- തെറ്റുകൂടാതെ ഗ്രഹിക്കാനുള്ള കഴിവ് നേടൽ
- തെറ്റുകൂടാതെ എഴുതുന്നതിനുള്ള ശേഷി നേടൽ

**പ്രവർത്തനക്രമം ഘട്ടം 1**

- അധ്യാപിക പഴഞ്ചൊല്ലിന്റെ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

- മണ്ണ് വിറ്റ് പൊന്ന് വാങ്ങരുത്
- മണ്ണറിഞ്ഞ് വിത്തിടണം
- മണ്ണ് വിറ്റുണ്ണരുത്

അധ്യാപിക ചോദ്യങ്ങൾ ഉന്നയിച്ച് ചർച്ച നടത്തുന്നു.
ഏതാശയത്തെയാണ് ഈ ചൊല്ലുകൾ ആവിഷ്കരിക്കുന്നത്? അവയിൽ തെളിയുന്ന സവിശേഷത കൾ എന്തെല്ലാം?
മണ്ണേ നമ്പി മരമിരിക്ക് ഏലേലേലയ്യ.....എന്ന നാടൻ പാട്ടിന്റെ ഓഡിയോ കേൾപ്പിക്കുന്നു. താളമിട്ട് കൂടെ പാടാൻ അവസരം നൽകുന്നു.

- മണ്ണേ നമ്പി മരമിരിക്കുന്നു എന്ന് പറയുന്നതിന്റെ കാരണം എന്താകാം?
- എല്ലാറ്റിനും ആധാരമാകുന്നത് എന്താണെന്നാണ് കവിപറയുന്നത്?
- കവിത നൽകുന്ന സന്ദേശം എന്താകാം?

പഴഞ്ചൊല്ലിലും കവിതയിലും വിനിമയം ചെയ്യുന്ന ആശയത്തെ മുൻനിർത്തി 'മണ്ണും മനുഷ്യനും' എന്ന വിഷയത്തിൽ കുറിപ്പ് തയാറാക്കാൻ നിർദേശിക്കുന്നു.

**പ്രവർത്തനക്കാർഡ് 1**

| |
|---|
| **വിശകലനക്കുറിപ്പ്** |

ഗ്രൂപ്പുകളിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഓരോ കുട്ടിയും ഒന്നോ രണ്ടോ വാക്യങ്ങൾ നിർമ്മിക്കുകയും അവ പരസ്പരം വിലയിരുത്തി ഒരൊറ്റക്കുറിപ്പായി രൂപപ്പെടാൻ അധ്യാപിക ശ്രദ്ധി ക്കണം.

വ്യത്യസ്ത വാക്യങ്ങളെ ആശയതലത്തിൽ ക്രമീകരിക്കാനും വ്യത്യസ്ത ആശയങ്ങൾ അവതരിപ്പിക്കപ്പെടാനുമുള്ള ബോധപൂർവമായ ഇടപെടലുകൾ അധ്യാപകപക്ഷത്ത് നിന്നുണ്ടാകണം.
തുടർന്ന് ഗ്രൂപ്പുകളിൽ നിന്നും അവതരണം പ്രധാനാശയങ്ങൾ അധ്യാപിക ബോർഡിൽ എഴുതണം.

ഓരോ ഗ്രൂപ്പും പങ്കുവച്ച വ്യത്യസ്ത ആശയങ്ങൾ ചേർത്ത് അധ്യാപിക ക്രോഡീകരിക്കുന്നു.

- മണ്ണില്ലാതെ മനുഷ്യനില്ല
- മണ്ണിനോടുള്ള മാറിയ മനോഭാവം
- മണ്ണിനെ നശിപ്പിക്കരുത്

**ഘട്ടം 2**
പഴഞ്ചൊല്ലിലും, നാടൻ പാട്ടിലും പറയുന്ന മനോഭാവം തന്നെയാണോ ഇപ്പോഴുമുള്ളത്?

- ഹരിത മോഹനത്തിലെ ആശയങ്ങൾ പ്രയോജനപ്പെടുത്തി പ്രതികരിക്കാൻ ആവശ്യപ്പെടുന്നു.
- കുട്ടികൾ പ്രതികരിക്കുന്നു
- ഹരിത മോഹനത്തിലെ, മണ്ണുമായി ബന്ധപ്പെട്ട വ്യത്യസ്ത ആശയങ്ങൾ സൂചിപ്പിക്കുന്ന സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

"എല്ലാരും മണ്ണും പൊടിയും അടിച്ചുവാരി പുറത്ത് കളയുമ്പോൾ താനെന്തിനാ മണ്ണ് വലിച്ച് അകത്തേക്ക് കൊണ്ടുവരുന്നത്"?
"അച്ഛൻ കൈകൊണ്ടാണോ മണ്ണെടുത്തത്? എങ്കിൽ അമ്മേം ചീത്ത പറയും. മണ്ണ് ഇച്ചിച്ചിയാ!"

പ്രതികരണം ആരുടേത്? സന്ദർഭം ഏതാണ്?
ഇതിൽ തെളിയുന്ന മനോഭാവം വ്യക്തമാക്കുക? കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു.
ചർച്ച ചെയ്ത വസ്തുതകൾ പ്രയോജനപ്പെടുത്തി വിശകലനക്കുറിപ്പ് തയാറാക്കുക.

**പ്രവർത്തനക്കാർഡ് 1**

| വിശകലനക്കുറിപ്പ് |
| --- |

## പ്രവർത്തനം-2

## കാവ്യഭാഷ, പ്രയോഗ സവിശേഷതകൾ എന്നിവ കണ്ടെത്തുന്നു

**ശേഷികൾ/ധാരണകൾ.**

സർഗാത്മക രചനയിൽ ഏർപ്പെടാനുള്ള കഴിവ് നേടൽ

ആശയങ്ങൾ ഗ്രഹിക്കുവാനും പ്രകടിപ്പിക്കുവാനും ഉള്ള കഴിവ് നേടൽ.

തെറ്റുകൂടാതെ എഴുതുന്നതിനുള്ള ശേഷി നേടൽ.

**പ്രവർത്തനക്രമം ഘട്ടം 1**

അധ്യാപിക ഒരു കടങ്കഥ അവതരിപ്പിക്കുന്നു.

> പെരുമരം പൂക്കുമ്പോൾ ഒരു പൂവ്.
> ആ പൂവ് കൊഴിയുമ്പോൾ പൂക്കാലം.

കടങ്കഥയ്ക്ക് ഉത്തരം പറയാൻ ആവശ്യപ്പെടുന്നു.

സൂര്യനും നക്ഷത്രങ്ങളും.

ഉത്തരത്തിൽ എത്താൻ നിങ്ങളെ സഹായിച്ച സൂചനകൾ എന്തൊക്കെ? അവയുടെ പ്രത്യേകത എന്ത്? ചർച്ച.

പെരുമരം - ആകാശം

ഒരു പൂവ് - സൂര്യൻ

പൂക്കാലം - നക്ഷത്രങ്ങൾ

ധ്വന്യാത്മകഭാഷ

അലങ്കാര ഭാഷ

സംക്ഷിപ്തത

തുടർന്ന് അധ്യാപിക പൂവ്, മരം എന്നീ വാക്കുകളെ കാവ്യഭംഗിയോടെ ആവിഷ്കരിക്കാൻ ആവശ്യപ്പെടുന്നു.

പൂവ്, മരംതുടങ്ങിയ പദങ്ങൾ അധ്യാപിക ബോർഡിൽ എഴുതുന്നു. ഇവയ്ക്ക് വിവരണ ഭാഷ തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.

കുട്ടികൾ തയ്യാറാക്കിയവ പൊതുവായി അവതരിപ്പിക്കുന്നു.

അധ്യാപിക ചില കവിതാശകലങ്ങളുടെ സ്ലൈഡ് പരിചയപ്പെടുത്തുന്നു.

> ആകാശദേശത്തും ആഴിപ്പരപ്പിലും ആഭ പടർത്തുന്നു ഞാൻ.
> വള്ളിപ്പടർപ്പിലും മാമരച്ചാർത്തിലും നല്ലൊരു ശോഭയേറ്റീടുന്നു ഞാൻ.
> അന്തിമേഘത്തിലും ചെന്താമരയിലും ചന്തം തഴപ്പിച്ച് മിന്നും ഞാൻ.

വരികളിലെസൂചനകൾ ആരെക്കുറിച്ചാണ്? അഭിപ്രായങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു. വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉണ്ടെങ്കിൽ അവയും രേഖപ്പെടുത്തുന്നു.

**ക്രോഡീകരണം**

നിറങ്ങളെ കുറിച്ചാണ് സൂചന. നീല മഞ്ഞ ചുമപ്പ് എന്നീ നിറങ്ങളെ ഇവ സൂചിപ്പിക്കുന്നു . എന്നാൽ മറ്റ് അർഥങ്ങളും ഇവയ്ക്കുണ്ടാകും. ആകാശ ദേശത്തും ആഴി പരപ്പിലും ശോഭ തീർക്കുന്നത് സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ആകാം.

മഞ്ഞ, കറുപ്പ് എന്നീ നിറങ്ങൾക്ക് ഇത്തരത്തിൽ വിവരണം തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.

**ഘട്ടം 2**

കുട്ടികൾ തയ്യാറാക്കി വന്ന വിവരണങ്ങൾ അവതരിപ്പിക്കുന്നു. അവയുടെ ഔചിത്യം ചർച്ച ചെയ്യുന്നു.

ഒന്നാമത്തെയും മൂന്നാമത്തെയും കവിതാഭാഗങ്ങൾ അധ്യാപിക വീണ്ടും ചൊല്ലുന്നു. അവയിലെ കാവ്യപരമായ പ്രത്യേകത ചർച്ച ചെയ്യുന്നു.

അക്ഷരങ്ങളുടെ ആവർത്തനം വരികൾക്ക് നൽകുന്ന ഭംഗി ചർച്ച ചെയ്യുന്നു. ചർച്ചയിലെ ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

അക്ഷരാവർത്തനം കവിതയ്ക്ക് പ്രത്യേകതാളം നൽകുന്നു. കവിത ഹൃദിസ്ഥമാകാൻ സഹായകമാണ്.

തുടർന്ന് അധ്യാപിക ആലങ്കാരിക ഭംഗിയുള്ള വാക്യങ്ങൾ പ്രദർശിപ്പിക്കുന്നു.

'കഴിവുകളുടെ ആവനാഴിയിലെ ഒരസ്ത്രം മാത്രമാണിത്.'

'മെഴുകുതിരി മൂന്നെണ്ണം എന്നെ രക്ഷിക്കാൻ ആത്മാഹുതി ചെയ്തു.'

'വൈരപ്പൊടി ചിതറിയ ആകാശം'.

മൂന്നു വരികളിലെയും ആശയം കണ്ടെത്തി പറയുവാൻ ആവശ്യപ്പെടുന്നു കണ്ടെത്തുന്ന ആശയങ്ങൾ അധ്യാപിക ബോർഡിൽ എഴുതുന്നു.

1. വിവിധ കഴിവുകളിലെ ഒരു കഴിവ് മാത്രമാണിത്
2. മൂന്ന് മെഴുകുതിരി കത്തിക്കേണ്ടി വന്നു.
3. നക്ഷത്രങ്ങൾ നിറഞ്ഞതാണ് ആകാശം.

ടീച്ചർ പ്രദർശിപ്പിച്ച ആലങ്കാരിക ഭാഷയും കുട്ടികൾ കണ്ടെത്തി എഴുതിയ ഭാഷയും താരതമ്യം ചെയ്തു പ്രത്യേകതകൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു.

കുട്ടികൾ കണ്ടെത്തിയ ആശയങ്ങളെ അധ്യാപിക ക്രോഡീകരിക്കുന്നു.

**ആലങ്കാരിക ഭാഷ**

ഭാഷയുടെ സൗന്ദര്യം വെളിപ്പെടുത്തുന്നു.
അർഥത്തെ ഒളിപ്പിച്ചു വച്ചിരിക്കുന്നു. അർഥം കണ്ടെത്താൻ പ്രേരിപ്പിക്കുന്നു.
വ്യത്യസ്ത വ്യാഖ്യാന സാധ്യതകൾ ഉണ്ട്.

**കുട്ടികൾ കണ്ടെത്തിയ ഭാഷ**

കാര്യത്തെക്കുറിച്ച് നേരിട്ട് പറയുന്നു.
പെട്ടെന്ന് ഗ്രഹിക്കാൻ ആകും.
കൂടുതൽ വ്യാഖ്യാനസാധ്യതയില്ല,

തുടർന്ന് അധ്യാപിക പാഠഭാഗങ്ങളിലെ ചില വരികളുടെ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

'അയൽപ്പാതവക്കത്തന്നു വഴിപ്പണിക്കുടച്ചിട്ടോ
രുരുളൻകല്ലുകൾക്കൊക്കെച്ചിറകും വന്നു.' (അതേ പ്രാർഥന)

'വീഴ്ച പറ്റിയ സാംബസി തലചുറ്റലോടെ വായിൽ നുരപ്പിണ്ഡവുമായി കിടന്നു മുരളുന്നു. എങ്ങോട്ട് നീങ്ങണം എന്നറിയാതെ വിരളുന്നു. ഒടുവിൽ മെല്ലെ ഒരു നാഗത്തെപ്പോലെ മുൻപിൽ കണ്ട അളയിലേക്ക് ഇഴഞ്ഞു പോവുകയും ചെയ്യുന്നു.'
(വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം)

'ഇടിഞ്ഞുമറിഞ്ഞ ജബ്ബലിന്റെ ചേലിക്കാ ഇക്കിടപ്പ്!' (വെളിച്ചത്തിന്റെ വിരലുകൾ)

പാഠഭാഗം, സന്ദർഭം, പ്രയോഗ സവിശേഷത, അവ നൽകുന്ന സൗന്ദര്യം എന്നിവ വ്യക്തമാക്കുന്ന കുറിപ്പ് തയ്യാറാക്കിയെത്താൻ ആവശ്യപ്പെടുന്നു.

**പ്രവർത്തനക്കാർഡ് 2**

| |
|---|
| **കുറിപ്പ് തയാറാക്കുക** |

**കഥാപാത്രനിരൂപണം**

**ധാരണകൾ/ശേഷികൾ**

ആശയങ്ങൾ പ്രയോജനപ്പെടുത്തി പട്ടികകൾ രൂപീകരിക്കുന്നതിന്.

വായിച്ച ആശയങ്ങൾ മനസ്സിലാക്കുന്നതിനുള്ള കഴിവ് നേടുന്നതിന്.

വ്യവഹാര രൂപങ്ങളെ കുറിച്ചുള്ള ധാരണ നേടുന്നതിന്.

**പ്രവർത്തനക്രമം**

**ഘട്ടം 1**

അതേ പ്രാർഥനയുടെ കവിതാലാപന ഓഡിയോ കേൾപ്പിക്കുന്നു. പാഠമേത്, കവിയാര്, പ്രസ്ഥാന മേത് എന്ന് ചോദിച്ച് അധ്യാപിക ചർച്ച നടത്തുന്നു.

ഒന്നാമത്തെ യൂണിറ്റിലെ പാഠങ്ങൾ ചർച്ചചെയ്ത രീതിയിൽ പട്ടികപ്പെടുത്താൻ ആവശ്യപ്പെടുന്നു. പട്ടികയ്ക്ക് ആവശ്യമായ ഒരു ശീർഷക മാതൃക അധ്യാപിക നൽകുന്നു.

**പ്രവർത്തനക്കാർഡ് 3 എ**

| പാഠം | സാഹിത്യം വിഭാഗം | ................... | .............. | ................ |
|---|---|---|---|---|
| | | | | |

പാഠം/സാഹിത്യ വിഭാഗം... തുടർന്നുള്ള ശീർഷകങ്ങൾ നിർദ്ദേശിക്കുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. കുട്ടികൾ നിർദേശിക്കുന്നവ കൂട്ടിച്ചേർക്കുന്നു.

| പാഠം | രചയിതാവ് | സാഹിത്യ വിഭാഗം | പ്രമേയം | കഥാപാത്രം |
|---|---|---|---|---|
| | | | | |

ഒന്നാമത്തെ യൂണിറ്റിലെ പാഠങ്ങൾക്ക് കണ്ടെത്തിയ ശീർഷകങ്ങൾക്ക് താഴെ പട്ടികപ്പെടുത്താൻ കുട്ടികളോട് പറയുന്നു. കുട്ടികൾ തയാറാക്കിയ പട്ടിക അവതരിപ്പിക്കുന്നു.

**പ്രവർത്തനക്കാർഡ് 3 ബി**

| |
|---|
| **പട്ടിക തയാറാക്കുക.** |

അധ്യാപിക ഒരു കഥാപാത്രത്തെക്കുറിച്ചുള്ള സൂചനകൾ ബോർഡിൽ എഴുതുന്നു.

ഒന്നാമത്തെ സൂചനയിൽ കഥാപാത്രത്തെ തിരിച്ചറിയാൻ കഴിയുന്നവർ പ്രതികരിക്കുവാൻ ആവശ്യപ്പെടുന്നു. തുടർന്ന് അടുത്ത സൂചന നൽകുന്നു.

**സൂചനകൾ**

- സ്നേഹമുള്ളവനാണ്
- കുട്ടികളുടെ സ്വഭാവം
- കുടുംബജീവിതം ആഗ്രഹിക്കുന്നു

കുട്ടികൾ കൊടിയേറ്റത്തിലെ ശങ്കരൻകുട്ടി എന്ന കഥാപാത്രത്തെ തിരിച്ചറിയുന്നു. ആദ്യ സൂചന യിൽതന്നെ ഉത്തരം കണ്ടെത്താൻ കഴിഞ്ഞവർ ഉണ്ടെങ്കിൽ അവരെ പ്രത്യേകമായി അഭിനന്ദി ക്കുന്നു.

ഹസ്സനെകുറിച്ചുള്ള കഥാപാത്ര സൂചനകൾ വ്യക്തമാകുന്ന ചില ഭാഗങ്ങൾ അധ്യാപിക അവതരി പ്പിക്കുന്നു.

'മായൻ ഹസ്സന്റെ കഴുത്തിൽ കെട്ടിപ്പിടിച്ച് തേങ്ങിത്തേങ്ങി കരഞ്ഞു. എന്തിനാണ് കരയുന്നതെന്ന് ഹസ്സൻ ചോദിച്ചില്ല കരയട്ടെ, എന്നൊരു ഭാവത്തിൽ മായന്റെ വിസ്തൃതമായ പുറം തടവുക മാത്രം ചെയ്തു.'

'ഹസ്സനെ സംബന്ധിച്ചിടത്തോളം അവൻ താനറിയാതെ ഒരു പിതാവായി കഴിഞ്ഞിരി ക്കുന്നു. ഏതോ മനുഷ്യന്റേതായ ആ കുട്ടിയെ തനിക്ക് ഒരിക്കലും ആത്മാർത്ഥമായി സ്നേഹിക്കാൻ കഴിയുകയില്ല എന്നായിരുന്നു അവന്റെ ആദ്യകാലത്തെ വിശ്വാസം.'

ഹസ്സന്റെ വ്യക്തിത്വ സവിശേഷതകൾ വെളിപ്പെടുന്ന മറ്റ് സന്ദർഭങ്ങൾ പാഠഭാഗത്ത് നിന്നും കണ്ടെത്താൻ ആവശ്യപ്പെടുന്നു. അവയിൽ തെളിയുന്ന കഥാപാത്ര സവിശേഷതകൾ എന്തൊക്കെയാണെന്ന് ചർച്ച ചെയ്യുന്നു. അധ്യാപിക ക്രോഡീകരിക്കുന്നു.

- മറ്റുള്ളവരോടുള്ള കരുതൽ
- ദുഃഖങ്ങളിൽ തുണയാകുന്ന മനോഭാവം
- സ്വാർഥതയില്ലാത്ത സ്നേഹം

ലഭിച്ച കഥാപാത്ര സൂചനകൾ ഉപയോഗപ്പെടുത്തി കഥാപാത്രനിരൂപണം തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. മറ്റെന്തൊക്കെ കാര്യങ്ങൾ കൂടി കഥാപാത്ര നിരൂപണത്തിൽ ഉൾക്കൊള്ളിക്കണം. അധ്യാപിക ചർച്ച നയിക്കുന്നു. കുട്ടികളുടെ പ്രതികരണങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

- കഥാപാത്രത്തിന് കഥയിലെ സ്ഥാനം
- മറ്റു കഥാപാത്രങ്ങളുമായുള്ള ബന്ധം
- കഥാപാത്ര സവിശേഷത വ്യക്തമാകുന്ന കഥാസന്ദർഭങ്ങൾ

ചർച്ചയിലെ ആശയങ്ങൾ പ്രയോജനപ്പെടുത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക.

**പ്രവർത്തനക്കാർഡ് 3 സി**

| **കഥാപാത്രനിരൂപണം** |
| --- |
| |

**പ്രവർത്തനം-4**

**പ്രതികരണക്കുറിപ്പ്**

**ശേഷികൾ/ധാരണകൾ**

ഭാഷാവസ്തുതകളെ കുറിച്ച് ധാരണ നേടലും ഉചിത സന്ദർഭത്തിൽ പ്രയോഗിക്കലും .

ആശയങ്ങൾ ഗ്രഹിക്കാനുള്ള കഴിവ് നേടൽ.

സർഗാത്മക രചനകളിൽ ഏർപ്പെടാനുള്ള കഴിവ് നേടൽ.

**പ്രവർത്തന ക്രമം**

**ഘട്ടം 1**

അധ്യാപിക കുട്ടികളെ വട്ടത്തിൽ നിർത്തുന്നു.കറുത്തതും വെളുത്തതുമായ വസ്തുക്കൾ പറയാനാവശ്യപ്പെടുന്നു.

കുട്ടികൾ പറയുന്ന വസ്തുക്കൾ അധ്യാപിക ബോർഡിൽ എഴുതുന്നു.

എഴുതുമ്പോൾ സ്വരചിഹ്നങ്ങൾ ഒഴിവാക്കിയ പദങ്ങൾ ആകണം എഴുതേണ്ടത്.

എഴുത്തിലെ പ്രശ്നങ്ങൾ കുട്ടികൾക്ക് സ്വയം തിരിച്ചറിയാനാകുന്നോ എന്ന് അധ്യാപിക നിരീക്ഷിക്കുന്നു.

കുട്ടികൾ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിച്ച് എഴുതാൻ അധ്യാപിക കുട്ടികളെ ക്ഷണിക്കുന്നു.

എഴുതിയവരെ അഭിനന്ദിക്കുന്നു.

മറ്റുള്ളവർ സ്വരചിഹ്നങ്ങൾ ചേർത്ത് നോട്ട് ബുക്കിൽ അവ പൂർത്തിയാക്കാൻ ആവശ്യപ്പെടുന്നു. കുട്ടികൾ കണ്ടെത്തിയ പദങ്ങളെ പരസ്പര ബന്ധമുള്ള വാക്യങ്ങൾ ആക്കാൻ നിർദ്ദേശിക്കുന്നു. അധ്യാപിക ഒരു മാതൃക നൽകുന്നു.

**പ്രവർത്തനക്കാർഡ് 4 എ**

കറുത്ത ബോർഡ് വെളുത്ത ചോക്ക്.

..............................................................................

..............................................................................

കുട്ടികൾ പരസ്പര ബന്ധമുള്ള വാക്യങ്ങൾ നിർമ്മിക്കുന്നു.

കറുത്ത പശു വെളുത്ത പല്ല്.

വെളുത്ത കൊക്ക് കറുത്ത കണ്ണ്.

കറുത്ത ആന വെളുത്ത കൊമ്പ്.

കറുത്ത രാത്രി വെളുത്ത ചന്ദ്രൻ

ഈ പദക്കൂട്ടങ്ങളെ അർഥപൂർണമായ വാക്യങ്ങളാക്കി മാറ്റാൻ നിർദേശിക്കുന്നു.

**പ്രവർത്തനക്കാർഡ് 4 ബി**

കറുത്ത പശുവിന് വെളുത്ത പല്ല്.

കറുത്ത ആനയ്ക്ക് വെളുത്ത കൊമ്പ്.

..............................................................................

..............................................................................

..............................................................................

കുട്ടികളുടെ പ്രതികരണങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

**കറുത്ത ആനയ്ക്ക് പകരം വെളുത്ത ആട്**

എന്ന വാക്യം അധ്യാപിക ബോർഡിൽ പ്രദർശിപ്പിക്കുന്നു.

ഈ വാക്യം നൽകുന്ന സൂചനകൾ പങ്കുവയ്ക്കാൻ ആവശ്യപ്പെടുന്നു.

കറുത്ത ആനയ്ക്ക് പകരം ആകുമോ വെളുത്ത ആട്?

അധ്യാപിക ചോദ്യം ഉന്നയിച്ച ചർച്ച നടത്തുന്നു.

ചർച്ചാസൂചകം നൽകുന്നു.

ആനയുടെ ഗുണം/പരിമിതി

ആടിന്റെ ഗുണം/പരിമിതി

ഇതേ ആശയം ചർച്ച ചെയ്യുന്ന അജഗജാന്തരം എന്ന പാഠത്തിന്റെ പ്രമേയം ചർച്ച ചെയ്യുന്നു.

ആനപ്പാപ്പാനാൽ നയിക്കപ്പെടുന്ന ആടിന്റെ ചിന്തകൾ എന്തൊക്കെയാകും ?

കുട്ടികളുടെ ഭാവനകളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുവാൻ ആവശ്യപ്പെടുന്നു.

**പ്രവർത്തനക്കാർഡ് 4 സി**

**ചിത്രം/കാർട്ടൂൺ/ കുറിപ്പ്/സ്കിറ്റ്**

ആവശ്യമായ സമയം അനുവദിക്കുന്നു. കുട്ടികൾ അവതരണം നടത്തുന്നു.

**പ്രവർത്തനക്കാർഡ് 4 ഡി**

വിഷ്ണോ  എന്താ ഈ കേക്കണെ ആടിന്യോ നീയ്യോ നെനക്ക് ഭ്രാന്തെളക്യോ ...

എന്താ നാണുക്കുട്ടീ പുറപ്പാട്

നെനിക്കെന്താടാ മദം പൊട്ട്യോ

അധ്യാപിക സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

ഉചിതമായ ചിഹ്നങ്ങൾ ചേർത്ത് വാക്യപൂർത്തി വരുത്തുവാൻ ആവശ്യപ്പെടുന്നു.
ചിഹ്നങ്ങൾ ചേർത്തപ്പോൾ അർഥതലത്തിലുണ്ടായ മാറ്റം അധ്യാപിക ശ്രദ്ധയിൽപ്പെടുത്തുന്നു.
താഴെപ്പറയുന്ന ചോദ്യങ്ങൾ ഉന്നയിച്ച് അധ്യാപിക ചർച്ച നയിക്കുന്നു.

ആരുടേതാണ് ഈ പ്രതികരണങ്ങൾ? ഏത് സന്ദർഭത്തിലേതാണ് പ്രതികരണങ്ങൾ? പ്രതികരണങ്ങളിൽ തെളിയുന്ന മനോഭാവങ്ങൾ എന്താണ്?

കുട്ടികളുടെ പ്രതികരണങ്ങളെ അധ്യാപിക ക്രോഡീകരിക്കുന്നു. ഉചിതമായ ചോദ്യങ്ങൾ ചോദിച്ച് ആശയങ്ങളിലേക്ക് എത്തിക്കുവാൻ അധ്യാപിക ഇടപെടൽ നടത്തുന്നു.

ആനക്കാരനായ നാണുക്കുട്ടി ആടിനെ വാങ്ങി വളർത്താൻ എടുത്ത തീരുമാനത്തോടുള്ള നിങ്ങളുടെ പ്രതികരണക്കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.

**പ്രവർത്തനക്കാർഡ് 4 ഇ**

| **പ്രതികരണക്കുറിപ്പ്** |
| --- |
| |

## പ്രവർത്തനം-5

## ശീർഷക വിശകലനം

**ധാരണകൾ/ശേഷികൾ**

വായിച്ച് ആശയങ്ങൾ മനസ്സിലാക്കുന്നതിനുള്ള കഴിവ് നേടൽ.

വിവിധ വ്യവഹാരരൂപങ്ങളെ കുറിച്ച് ധാരണ നേടൽ.

പദം, വാക്യം, വ്യവഹാരരൂപം എന്നിവയെ കുറിച്ചുള്ള ധാരണ നേടൽ.

ഭാഷാ വസ്തുതകളെ കുറിച്ച് ധാരണ നേടലും ഉചിത സന്ദർഭത്തിൽ പ്രയോഗിക്കലും.

**പ്രവർത്തന ക്രമം**

**ഘട്ടം 1**

ചില പത്രമാധ്യമങ്ങളുടെ പേരുകൾ പറയാൻ ആവശ്യപ്പെടുന്നു.

അധ്യാപിക അവ ബോർഡിൽ എഴുതുന്നു.

കുട്ടികളെ ഒന്ന് രണ്ട് മൂന്ന് നാല് അഞ്ച് എന്ന ക്രമത്തിൽ വിഭജിക്കുന്നു.

പത്രമാധ്യമങ്ങളുടെ പേരുകളിലുള്ള അഞ്ച് ഗ്രൂപ്പ് ആകാൻ നിർദ്ദേശിക്കുന്നു.ഓരോ ഗ്രൂപ്പിനും ഓരോ പത്രവാർത്ത വീതം നൽകുന്നു.

ലഭിച്ച വാർത്ത വായിച്ച് അവതരണത്തിന് തയ്യാറാകാൻ ആവശ്യപ്പെടുന്നു. ഓരോ ഗ്രൂപ്പിൽ നിന്നും ഓരോരുത്തർ അവതരിപ്പിക്കുന്നു. അവതരണത്തിലെ മികവുകളും പോരായ്മകളും ചർച്ച ചെയ്യുന്നു. മികച്ച അവതരണം കാഴ്ചവച്ചവരെ അഭിനന്ദിക്കുന്നു.

തുടർന്ന് പത്രവാർത്തയും അതിന്റെ തലക്കെട്ടും വിശകലനം ചെയ്ത് അവതരിപ്പിക്കുവാൻ ഗ്രൂപ്പുകളിൽ നിർദ്ദേശം നൽകുന്നു. അധ്യാപിക വിശകലന സൂചകങ്ങൾ നൽകുന്നു.

**സൂചകങ്ങൾ**

ശീർഷകത്തിന്റെ ഭംഗി.

ആശയത്തെ പ്രതിഫലിപ്പിക്കുവാൻ എത്രത്തോളം അതിന് സാധിക്കുന്നു.

കുട്ടികൾ ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു. കണ്ടെത്തിയ ആശയങ്ങൾ ക്രോഡീകരിച്ച് ഓരോ ഗ്രൂപ്പിൽ നിന്നും ഓരോരുത്തർ അവതരിപ്പിക്കുന്നു. കുട്ടികൾ അവതരിപ്പിച്ച ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

**ക്രോഡീകരണം**

- ആശയത്തെ ധ്വനിപ്പിക്കുന്നു.
- വായനക്കാരന്റെ ശ്രദ്ധയെ ആകർഷിക്കാൻ പര്യാപ്തം.
- ഒതുക്കമുള്ള ഭാഷ.

**ഘട്ടം 2**

ഫൂൾസ് സ്റ്റോറി എന്ന ഷോർട്ട് ഫിലിം പ്രദർശിപ്പിക്കുന്നു.

അധ്യാപിക സിനിമയുടെ പേര് ചോദിക്കുന്നു.

സംവിധായകന്റെ പേര് ചോദിക്കുന്നു.

രണ്ടും ശരിയാണെന്നുറപ്പുള്ളവർ കൈ ഉയർത്താൻ ആവശ്യപ്പെടുന്നു.

അധ്യാപിക ഉത്തരം പറയുന്നു.

എത്ര പേർക്ക് ശരിയായ ഉത്തരത്തിൽ എത്താൻ പറ്റി?

എന്തുകൊണ്ടാകാം മറ്റുള്ളവർക്ക് സാധിക്കാത്തത്?

രണ്ട് ഉത്തരവും ശരിയായിട്ടും അത് ഉറപ്പില്ലാതെ പോയത് എന്തുകൊണ്ടാകാം?

- ആത്മവിശ്വാസക്കുറവ്
- ശ്രദ്ധക്കുറവ്
- ആശങ്ക

രണ്ടാമനിലൂടെ നമുക്ക് കിട്ടുന്ന സന്ദേശം എന്താണ്?

ഇതിലെ ഏത് കഥാപാത്രമാണ് നിങ്ങൾ?

ഏത് കഥാപാത്രമാകാനാണ് ആഗ്രഹിക്കുന്നത്?

കുട്ടികൾ സംഘങ്ങളിൽ ചർച്ച ചെയ്യുന്നു. കണ്ടെത്തിയവ ഗ്രൂപ്പിൽ നിന്നും ഒരാൾ അവതരിപ്പിക്കുന്നു.ഓരോ അവതരണത്തിലും സംഘങ്ങളിൽ നിന്ന് പുതുതായി കുട്ടികൾ കടന്നു വരുവാൻ ഗ്രൂപ്പിലുള്ളവരും അധ്യാപികയും ശ്രദ്ധിക്കണം.

സിനിമയിലെ ആശയം മനോഹരവും ശക്തമായതുമായ ഒന്നോ രണ്ടോ വാക്യത്തിൽ ആവിഷ്കരിക്കുവാൻ ആവശ്യപ്പെടുന്നു.

കുട്ടികൾ കണ്ടെത്തിയ ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

ആശയങ്ങൾക്ക് ശീർഷകവുമായുള്ള ബന്ധം ചർച്ച ചെയ്യുന്നു.

ഈ ഷോർട്ട് ഫിലിമിന് നിങ്ങൾ ഒരു ശീർഷകം നിർദ്ദേശിക്കുകയാണെങ്കിൽ ..?

**പ്രവർത്തനക്കാർഡ് 5**

| ശീർഷകം നൽകൽ |
|---|

കുട്ടികൾ കണ്ടെത്തുന്ന ശീർഷകങ്ങൾ അവതരിപ്പിക്കുന്നു അധ്യാപിക ക്രോഡീകരിക്കുന്നു.

അവയുടെ ഔചിത്യം ചർച്ച ചെയ്യുന്നു.

**തുടർ പ്രവർത്തനം**

അടിസ്ഥാനപാഠാവലിയിലെ ഹരിതമോഹനം, വെളിച്ചത്തിന്റെ വിരലുകൾ, അജഗജാന്തരം തുടങ്ങിയ ശീർഷകങ്ങളുടെ ഔചിത്യം വിശകലനം ചെയ്യുവാൻ ഗ്രൂപ്പുകൾക്ക് നിർദ്ദേശം നൽകുന്നു.

## പ്രവർത്തനം-6

## ഉപന്യാസം

**ശേഷികൾ/ധാരണകൾ**

ആശയങ്ങൾ ഗ്രഹിക്കാനുള്ള കഴിവ് നേടൽ

വ്യവഹാര രൂപങ്ങളെക്കുറിച്ചുള്ള ധാരണ നേടൽ

സർഗാത്മകരചനയിൽ ഏർപ്പെടാനുള്ള കഴിവ് നേടൽ

കുമാരനാശാന്റെ വീണപൂവ്, നളിനി, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ, ചിന്താവിഷ്ടയായ സീത, കരുണ എന്നീ കവിതകളുടെ ദൃശ്യാവിഷ്കാരമോ കവിതാ ഭാഗത്തിന്റെ പ്രസക്തമായ വരികളുടെ ഓഡിയോയോ കേൾപ്പിക്കുന്നു.

അവതരണത്തിനുശേഷം കൃതികളുടെയും കഥാപാത്രങ്ങളുടെയും പേരുകൾ എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. കൃതികൾക്ക് നേരെ അതാത് കഥാപാത്രങ്ങളെ ചേർത്ത് പട്ടികപ്പെടുത്താൻ ആവശ്യപ്പെടുന്നു.

| | |
|---|---|
| ചണ്ഡ്ഡാലഭിക്ഷുകി | ദിവാകരൻ, നളിനി |
| നളിനി | സീത, രാമൻ |
| ലീല | മാതംഗി, ബുദ്ധഭിക്ഷു |
| കരുണ | സാവിത്രി, ചാത്തൻ |
| ദുരവസ്ഥ | വാസവദത്ത, ഉപഗുപ്തൻ |
| ചിന്താവിഷ്ടയായ സീത | മദനൻ, ലീല |

മുകളിൽ പരാമർശിച്ച ആശാൻകവിതകൾ ഓരോ ഗ്രൂപ്പിനും ഒന്നുവീതം നൽകുന്നു. അവയുടെ പ്രമേയം എന്താണെന്ന് കണ്ടെത്തി വരുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

**ഘട്ടം – 2**

കുട്ടികൾ കണ്ടെത്തി വന്ന കവിതയുടെ പ്രമേയം ഗ്രൂപ്പുകളിൽ ചർച്ച ചെയ്യുന്നു. കവിതയുടെ പ്രമേയത്തെ അടിസ്ഥാനമാക്കിക്കൊണ്ട് ഒരു ചെറു പ്രകടനം സ്കിറ്റ്/മൈം/നാടകീകരണം/ നടത്തുവാൻ ഗ്രൂപ്പുകൾക്ക് സമയം അനുവദിക്കുന്നു. പൊതു അവതരണം.

കുമാരനാശാന്റെ കാവ്യാദർശങ്ങൾ വെളിപ്പെടുന്ന വ്യത്യസ്ത കവിതകളിലെ വരികൾ ഗ്രൂപ്പുകൾക്ക് നൽകുന്നു.

"സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം
സ്നേഹം താൻ ശക്തി ജഗത്തിൽ
സ്നേഹം താനാനന്ദമാർക്കും" (നളിനി)

"ചട്ടറ്റ നിൻ കരവാളിൻചലത്പ്രഭ
തട്ടുമാറാക ഞങ്ങൾക്കു കണ്ണിൽ;
വെട്ടി മുറിക്കുക കാൽച്ചങ്ങല, വിഭോ!
പൊട്ടിച്ചെറിയുകിക്കൈവിലങ്ങും."
(സ്വാതന്ത്ര്യഗാഥ)

"ചിന്തിക്ക ജാതിമദിരാന്ധരടിച്ചു തമ്മി-
ലന്തപ്പെടും തനയ; നെന്തിനയേ സ്വരാജ്യം." (ഒരു തീയക്കുട്ടിയുടെ വിചാരം)

"ജാതി ചോദിക്കുന്നില്ലഞാൻ സോദരീ
ചോദിക്കുന്നുനീർനാവ് വരണ്ടഹോ!" (ചണ്ഡാലഭിക്ഷുകി)

"മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ" (ദുരവസ്ഥ)

ഓരോ കവിതാഭാഗവും ഓരോ ഗ്രൂപ്പിനും നൽകുന്നു. പൊതുവായ ഒരു ചോദ്യസൂചിക നൽകി കവിത ഭാഗം ഗ്രൂപ്പിൽ ചർച്ച ചെയ്ത് കണ്ടെത്തലുകൾ ക്രോഡീകരിക്കുവാൻ ആവശ്യപ്പെടുന്നു.

**ചോദ്യ സൂചിക**

- വരികളിലെ ആശയം
- വരികളിൽ തെളിയുന്ന ജീവിത വീക്ഷണം

ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഗ്രൂപ്പുചർച്ചകൾക്കും ക്രോഡീകരണത്തിനും ശേഷം ഗ്രൂപ്പുകളിൽ നിന്ന് ഒരാളെ പൊതു അവതരണത്തിന് ക്ഷണിക്കുന്നു.

'കവിയും സമൂഹജീവി' എന്ന പാഠത്തിൽ ആശാന്റെ കാവ്യ സവിശേഷതകളായി ലേഖകൻ കണ്ടെത്തുന്നവ എന്തൊക്കെ? ചർച്ച നടത്തുന്നു. അധ്യാപിക ക്രോഡീകരിക്കുന്നു.

അതുവരെ നടത്തിയ ക്ലാസ് ചർച്ചകളുടെയും പാഠഭാഗത്തെ ആശയങ്ങളുടെയും അടിസ്ഥാനത്തിൽ ആശാന്റെ കാവ്യ ജീവിതം എന്ന വിഷയത്തിൽ ഉപന്യാസരചന നടത്തുവാൻ ആവശ്യപ്പെടുന്നു.

**പ്രവർത്തനക്കാർഡ് 1**

**ഉപന്യാസം**

ഉപന്യാസത്തിന്റെ ഘടന ചർച്ച ചെയ്യുന്നു. കുട്ടികളുടെ പ്രതികരണങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

**ശീർഷകം**

**ആമുഖം**

ആശയങ്ങൾ ഖണ്ഡികതിരിച്ചവതരിപ്പിക്കൽ.

**ഉപസംഹാരം.**

## പ്രവർത്തനം 7

- ഉച്ചാരണഭേദം തിരിച്ചറിയുക.
- പദങ്ങൾ ചേർത്തുള്ള വാക്യനിർമ്മിതി
- ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിക്കൽ

**ശേഷികൾ/ധാരണകൾ**

തെറ്റുകൂടാതെ വായിക്കുന്നതിനുള്ള കഴിവ് നേടൽ

തെറ്റുകൂടാതെ എഴുതുന്നതിനുള്ളശേഷി നേടൽ

മറ്റൊരാൾ പറയുന്ന ആശയങ്ങൾ ഗ്രഹിക്കാനുള്ള കഴിവ് നേടൽ

ദോശ, വിഷമം, മീശ, ശേഷം മഷിത്തണ്ട്, വർഷം, അവശിഷ്ടം, വാശി, നിശ തുടങ്ങിയ വാക്കുകൾ അധ്യാപിക ബോർഡിൽ എഴുതുന്നു. വാക്കുകൾ ഓരോന്നും കുട്ടികൾ കൂട്ടമായി വായിക്കുവാൻ ആവശ്യപ്പെടുന്നു. തുടർന്ന് ഓരോരുത്തരെക്കൊണ്ട് വായിപ്പിക്കുന്നു.

ഉച്ചാരണത്തിൽ കൃത്യത പുലർത്തുന്നവയും കൃത്യത പുലർത്താത്തതുമായ വാക്കുകൾ അധ്യാപിക ആവർത്തിക്കുന്നു. ഇവയിൽ ഏതുച്ചാരണമാണ് ശരിയെന്ന് കുട്ടികളോട് കണ്ടെത്താൻ ആവശ്യപ്പെടുന്നു. ശരിയായ ഉച്ചാരണം ഉച്ചത്തിൽ പറയുവാൻ ആവശ്യപ്പെടുന്നു.

നൽകിയ ഓരോ വാക്കും ചേർത്ത് ഒരു ലഘുവാക്യം നിർമ്മിക്കുവാൻ ആവശ്യപ്പെടുന്നു.

**പ്രവർത്തനക്കാർഡ് 1**

| **വാക്യനിർമിതി** |
|---|

കുട്ടികൾ പറയുന്ന വാക്യങ്ങൾ അധ്യാപിക ബോർഡിൽ എഴുതുന്നു. വാക്കുകൾ ചേർത്തുണ്ടാക്കിയ വാക്യങ്ങൾ ഒന്നിലേറെ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ഏവരും ഉച്ചത്തിൽ കൂട്ടമായി വായിക്കുവാൻ ആവശ്യപ്പെടുന്നു.

കുട്ടികൾ നിർദ്ദേശിച്ച വാക്യങ്ങൾ ഒരു കഥാരൂപത്തിൽ ക്രമീകരിക്കുവാൻ ഓരോ ഗ്രൂപ്പിനോടും ആവശ്യപ്പെടുന്നു.നിർദ്ദേശിച്ച പദങ്ങളും വാക്യങ്ങളും ഉപയോഗിച്ച് കുട്ടികൾ കണ്ടെത്തിയ കഥകൾ ഓരോ ഗ്രൂപ്പിൽ നിന്നും അവതരിപ്പിക്കുവാൻ ആവശ്യപ്പെടുന്നു.

കുട്ടികളുടെ അവതരണത്തിൽ ശരിയായ വാക്യക്രമം പാലിക്കാത്ത വാക്യങ്ങൾ അധ്യാപിക പ്രത്യേകമായി ബോർഡിൽ എഴുതണം. ഈ വാക്യം അഭംഗി പരിഹരിച്ച് എഴുതുവാൻ കുട്ടികളോട് തന്നെ ആവശ്യപ്പെടാം.

## പ്രവർത്തനം 8

## എഡിറ്റോറിയൽ

**ശേഷികൾ/ധാരണകൾ**

- ഇഷ്ടപ്പെട്ട വിഷയങ്ങളെക്കുറിച്ച് നിർഭയം സംസാരിക്കാനുള്ള കഴിവ് നേടൽ.
- മറ്റൊരാൾ പറയുന്ന ആശയങ്ങൾ ഗ്രഹിക്കാനുള്ള കഴിവ് നേടൽ.
- വായിച്ചതിലെ ആശയങ്ങൾ മനസിലാക്കുന്നതിനുള്ള കഴിവ് നേടൽ

'മീൽസ് റെഡി' എന്ന ഷോർട്ട് ഫിലിം അവതരിപ്പിക്കുന്നു.

ഈ ഹ്രസ്വ ചിത്രം നൽകുന്ന സന്ദേശം എന്താണ്? അധ്യാപിക ചർച്ച നയിക്കുന്നു.കുട്ടികളുടെ പ്രതികരണങ്ങൾ ബോർഡിൽ രേഖപ്പെടുത്തുന്നു.

വാർധക്യം

ദാമ്പത്യം

സ്വാശ്രയത്വം.

ഹ്രസ്വ ചിത്രത്തിലെ അവസാന രംഗത്തിന് (ഭാര്യ തനിക്ക് കിട്ടിയ മിഠായി പകുതി ഭർത്താവിനായി മുറിച്ച് നൽകുന്ന) ഉചിതമായ ഒരു അടിക്കുറിപ്പ് നിർദ്ദേശിക്കുവാൻ ആവശ്യപ്പെടുന്നു. സിനിമാഗാനങ്ങളോ കവിതാശകലങ്ങളോ അടിക്കുറിപ്പുകൾ ആയി നിർദേശിക്കാം എന്ന് സൂചന നൽകുന്നു. കുട്ടികൾ നിർദ്ദേശിക്കുന്ന അടിക്കുറിപ്പുകൾ അധ്യാപിക ക്രോഡീകരിക്കുന്നു അവയുടെ ഔചിത്യം ചർച്ച ചെയ്യുന്നു.

> എത്ര കൊഴുത്ത ചവർപ്പ് കുടിച്ചു വറ്റിച്ചു നാം
> ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ...

ഈ വരികൾ ഈ സന്ദർഭത്തിന് എത്രത്തോളം ഉചിതമാണെന്ന് ചോദിച്ചു കൊണ്ട് അധ്യാപിക ചർച്ച നയിക്കുന്നു.

- സുഖദുഃഖങ്ങൾ നിറഞ്ഞതാണ് ദാമ്പത്യം
- പരസ്പരമുള്ള കരുതലും തുണയുമാണ് ദാമ്പത്യത്തിന്റെ കാതൽ.
- വ്യക്തിയെ ജീവിക്കുവാൻ പ്രേരിപ്പിക്കുന്ന കരുത്താണ് പലപോഴും ഇണയുടെ സ്നേഹം

വൈലോപ്പിള്ളിയുടെ 'ഊഞ്ഞാൽ' എന്ന കവിതയുടെ ഓഡിയോ കേൾപ്പിക്കുന്നു. കവിതയിലെ ആശയത്തിന് ചലച്ചിത്രത്തിലെ ആശയവുമായി എത്രത്തോളം സാമ്യമുണ്ട്. ഇത്തരം ആശയം പങ്കുവയ്ക്കുന്ന മറ്റേതെല്ലാം കവിതകൾ നിങ്ങൾക്ക് പരിചയമുണ്ട്? വൈലോപ്പിള്ളിയുടെ 'കണ്ണീർപ്പാടവും' ആറ്റൂരിന്റെ 'നഗരത്തിൽ ഒരു യക്ഷ'നും, കക്കാടിന്റെ 'സഫലമീ യാത്രയും' കടമ്മനിട്ടയുടെ 'ശാന്തയും' കുട്ടികൾക്ക് മുമ്പാകെ പരിചയപ്പെടുത്തുന്ന വിധത്തിൽ അധ്യാപിക ചർച്ച നയിക്കുക.

പരസ്പര വിശ്വാസവും സ്നേഹവും ബഹുമാനവും നഷ്ടപ്പെടുന്ന ആധുനികകാല ദാമ്പത്യജീവിത പ്രശ്നങ്ങളുടെ ചില പത്രവാർത്തകൾ അവതരിപ്പിക്കുന്നു.

വാർത്തകളുടെ അടിസ്ഥാനത്തിൽ വർത്തമാനകാല ദാമ്പത്യ പ്രശ്നങ്ങളെ സംബന്ധിക്കുന്ന ചർച്ച ഗ്രൂപ്പിൽ നടത്തുവാൻ ആവശ്യപ്പെടുന്നു.

ദാമ്പത്യ ജീവിത മാതൃകകൾ ആധുനിക കാലത്തും നിലനിൽക്കേണ്ടതുണ്ടോ?

രണ്ടു വാദമുഖങ്ങൾ ആയി ചർച്ച നടത്തുവാൻ പറ്റുന്ന സംവാദ രീതിയിൽ അധ്യാപിക ചർച്ച നയിക്കുക. വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നു.

- കുടുംബത്തിനകത്ത് സ്ത്രീ പുരുഷ അസമത്വം നിലകൊള്ളുന്നു.
- പുരുഷന്റെ അധികാരത്തിന് കീഴ്പ്പെട്ടു നിൽക്കേണ്ടിവരുന്നു സ്ത്രീകൾക്ക്.
- കുടുംബത്തിനകത്തെ ജോലികൾ തുല്യമായി പങ്കിടുവാൻ തയ്യാറാകേണ്ടതുണ്ട്.
- തൊഴിലെടുക്കുന്ന സ്ത്രീക്ക് സാമ്പത്തിക സ്വാതന്ത്ര്യം നിലനിൽക്കുന്നുണ്ട്.
- ആവശ്യമായ പരിഗണനയും ബഹുമാനവും സ്ത്രീകൾക്ക് കുടുംബത്തിനകത്ത് ലഭിക്കേണ്ടതുണ്ട്.
- തിരക്കുപിടിച്ച ജീവിതത്തിനിടയിൽ പരസ്പരസ്നേഹം പ്രകടിപ്പിക്കാൻ ആകാതെ പോകുന്നു.
- പരസ്പര സ്നേഹത്തിൽ അധിഷ്ഠിതമായ ദാമ്പത്യങ്ങൾ നല്ല കുടുംബ ജീവിത ത്തിന് അനിവാര്യമാണ്.
- പരസ്പര വിശ്വാസവും പരസ്പര ബഹുമാനവും ദാമ്പത്യ ബന്ധത്തിൽ പങ്കാളി കൾക്ക് ഉണ്ടാവേണ്ടതുണ്ട്.

ആരോഗ്യകരമായ സമൂഹഘടനയ്ക്ക് ഹൃദ്യമായ ദാമ്പത്യ ബന്ധങ്ങളുടെയും, കുടുംബജീവിത മാതൃകകളുടെയും അനിവാര്യത വ്യക്തമാക്കുന്ന മുഖപ്രസംഗം തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.

**പ്രവർത്തനക്കാർഡ് 8**

**മുഖപ്രസംഗം**

മുഖപ്രസംഗത്തിന്റെ ഘടന പരിചയപ്പെടുത്തുന്നതിനായി വിവിധ പത്രങ്ങളിലെ മുഖപ്രസംഗങ്ങൾ ഗ്രൂപ്പുകൾക്ക് നൽകുന്നു. ഗ്രൂപ്പുകളിൽ ചർച്ചചെയ്ത് മുഖപ്രസംഗത്തിന്റെ ഘടന കണ്ടെത്താൻ ആവശ്യപ്പെടുന്നു. കുട്ടികൾ കണ്ടെത്തിയവ അധ്യാപിക ക്രോഡീകരിക്കുന്നു.

- ശീർഷകം.
- ആമുഖത്തിലെ വിഷയാവതരണം.
- ആശയങ്ങളുടെ ഖണ്ഡിക തിരിച്ചുള്ള അവതരണം.
- പ്രശ്നങ്ങൾ, മനോഭാവങ്ങൾ, പരിഹാരങ്ങൾ എന്നിവ യുടെ ക്രമാനുഗതമായ അവതരണം
- ശക്തവും സംക്ഷിപ്തവുമായ ഭാഷ

## ചലച്ചിത്ര പ്രദർശനം

**ശേഷികൾ/ധാരണകൾ**

വിവിധ വ്യവഹാര രൂപങ്ങളെക്കുറിച്ച് ധാരണ നേടൽ

സർഗാത്മക രചനയിൽ ഏർപ്പെടാനുള്ള കഴിവ് നേടൽ

കുട്ടികളിലെ ഏകാഗ്രത ഉണർത്തുന്നതിനുള്ള ഒരു ചെറിയ പ്രവർത്തനത്തിലൂടെ അവരുടെ ശ്രദ്ധ ക്ഷണിക്കുന്നു അധ്യാപിക.

എല്ലാവരും കണ്ണടച്ചിരിക്കുവാൻ ആവശ്യപ്പെടുന്നു.

ക്ലാസ് മുറിയിൽകേൾക്കുന്ന ശബ്ദങ്ങൾ ശ്രദ്ധിക്കുവാൻ ആവശ്യപ്പെടുന്നു.

കേട്ട ശബ്ദങ്ങളിലെ ഏറ്റവും ചെറിയ ശബ്ദം ഏതെന്ന് ഓരോരുത്തരും കണ്ടെത്തുവാൻ ആവശ്യപ്പെടുന്നു. ഏറ്റവും ഉച്ചത്തിലുള്ള ശബ്ദം ഏതെന്ന് കണ്ടെത്തുവാൻ ആവശ്യപ്പെടുന്നു. കുട്ടികളുടെ പ്രതികരണങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

ഒന്ന് രണ്ട് മൂന്ന് നാല് എന്ന ക്രമത്തിൽ എണ്ണുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.

ഒന്ന് എന്ന് എണ്ണിയ ആൾ അയാൾക്ക് ഇഷ്ടമുള്ള പ്രത്യേക ചലനത്തിൽ  ക്ലാസ് മുറിയുടെ മുന്നിലേക്ക് എത്തുവാനും അയാൾക്ക് പിന്നാലെ ഒന്ന് പറഞ്ഞ മറ്റുള്ളവർ അതേ ചലനത്തോടു കൂടി ചേർന്ന് സംഘങ്ങളാകുവാനും നിർദ്ദേശിക്കുന്നു.

ഇതുപോലെ രണ്ട് മൂന്ന് നാല് ഗ്രൂപ്പുകാരും സംഘങ്ങളാകുവാൻ നിർദ്ദേശിക്കുന്നു.

ഓരോ സംഘവും വ്യത്യസ്തമായ എന്തെങ്കിലും പ്രവൃത്തികളിലൂടെ ആയിരിക്കണം സംഘങ്ങളായി ചേരേണ്ടത് എന്ന നിർദ്ദേശം അധ്യാപിക നൽകേണ്ടതുണ്ട്.

ഉദാഹരണത്തിന് ഒന്നാമത്തെ സംഘം കൈയടിച്ചു കൊണ്ടാണ് വന്നതെന്നുണ്ടെങ്കിൽ രണ്ടാമത്തെ സംഘത്തിന് പാട്ടുപാടിക്കൊണ്ട് എത്താം, അടുത്ത സംഘം നൃത്തച്ചുവടുകൾ വച്ചുകൊണ്ട് എത്താം.

ഇങ്ങനെ വ്യത്യസ്തമായ ഏത് പ്രവർത്തനവും സംഘങ്ങളാകാൻ കുട്ടികൾക്ക് തിരഞ്ഞെടുക്കാവുന്നതാണ്.

ഓരോ സംഘത്തിനും വ്യത്യസ്തമായ ചില അഭിനയ മുഹൂർത്തങ്ങൾ അധ്യാപിക നൽകുന്നു.

ആദ്യമായി സ്വന്തം കുഞ്ഞിനെ കാണുന്ന അച്ഛന്റെ ഭാവപ്രകടനങ്ങൾ
വെള്ളത്തിൽ വീഴുമായിരുന്ന കുട്ടിയെ രക്ഷിക്കുന്ന രംഗം .
ഭർത്താവിനെ പിരിയുന്ന ഭാര്യയുടെ ദുഃഖം.

സംഘങ്ങളിൽ ലഭിച്ച അഭിനയ മുഹൂർത്തങ്ങൾ ചർച്ച ചെയ്ത് ഗ്രൂപ്പുകളിൽ നിന്നും ഒരാൾ അവതരിപ്പിക്കുന്നു.

മൂന്ന് രംഗങ്ങളും ഏതു പാഠഭാഗത്തെ ഓർമിപ്പിക്കുന്നു എന്ന് ചോദിച്ചു കൊണ്ട് 'കൊടിയേറ്റം' എന്ന തിരക്കഥാഭാഗത്തിന്റെ സവിശേഷതകൾ ചർച്ച ചെയ്യുന്നു.

- നാട്ടിൻപുറത്തിന്റെ പശ്ചാത്തല ചിത്രീകരണം കഥയ്ക്ക് സ്വാഭാവികത നൽകുന്നു.
- സാധാരണ മനുഷ്യന്റെ ശക്തി ദൗർബല്യങ്ങൾ തന്മയത്തോടെ അവതരിപ്പിക്കുന്നു.
- അതിന് തികച്ചും യോജിച്ച കഥാപാത്രങ്ങളുടെ തിരഞ്ഞെടുപ്പ് .
- പ്രകൃതിയിലെ വെളിച്ചവും ശബ്ദവും പരമാവധി പ്രയോജനപ്പെടുത്തിയിരിക്കുന്നു.

നല്ല സിനിമകൾ കാണാൻ നമുക്കും അവസരം ഒരുക്കിയാലോ ? സ്കൂൾതലത്തിൽ ഒരു ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കാൻ എന്തൊക്കെ മുന്നൊരുക്കങ്ങളാണ് നമുക്ക് വേണ്ടത് ചർച്ച

കുട്ടികളുടെ പ്രതികരണങ്ങൾ അധ്യാപിക ബോർഡിൽ ക്രോഡീകരിക്കുന്നു.

| |
|---|
| സംഘാടകസമിതി |
| ചിത്രങ്ങളുടെ തിരഞ്ഞെടുപ്പ് |
| അതിന്റെ നടത്തിപ്പ് |
| തീയതി, സ്ഥലം, സമയം, പങ്കാളിത്തം |
| തുടങ്ങിയകാര്യങ്ങളിലെ തീരുമാനം. |
| ചലച്ചിത്രമേളയുടെ നോട്ടീസ് പോസ്റ്റർ |
| ഉൾപ്പെടുത്തിയ ചിത്രങ്ങളുടെ ലഘു വിവരണം (സിനോപ്സിസ്) തയ്യാറാക്കൽ. |

ക്ലാസ് മുറിയിൽ അധ്യാപികയും കുട്ടികളും ചേർന്ന് ക്രോഡീകരിച്ച തീരുമാനങ്ങൾ അധ്യാപിക എസ്.ആർ.ജി മീറ്റിങ്ങിൽ അവതരിപ്പിക്കുന്നു. മറ്റ് ഭാഷാധ്യാപകരുടെ സഹായങ്ങൾ കൂടി ചലച്ചിത്രങ്ങളുടെ തിരഞ്ഞെടുപ്പിന് സ്വീകരിക്കുന്നു. പിടിഎ കൂടി സംഘാടകസമിതി രൂപീകരിക്കുന്നു. ഭാഷ നന്നായി കൈകാര്യം ചെയ്യുകയും ചിത്രം വരയ്ക്കുകയും ചെയ്യുന്ന കുട്ടികളെ പോസ്റ്റർ, നോട്ടീസ് തുടങ്ങിയവ തയ്യാറാക്കുന്നതിനായി തിരഞ്ഞെടുക്കുന്നു. പോസ്റ്റർ രചനയ്ക്കായി ചിത്രകലാ അധ്യാപകന്റെ നേതൃത്വത്തിൽ ഒരു സംഘം രൂപീകരിക്കുന്നു. നോട്ടീസ് സിനോപ്സിസ് എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം സംഘങ്ങൾ ഭാഷാ അധ്യാപകരുടെ നേതൃത്വത്തിൽ രൂപീകരിക്കുന്നു. ചലച്ചിത്രങ്ങൾ തിരഞ്ഞെടുക്കുന്നതിനും അവ സ്ക്രീൻ ചെയ്യുന്നതിനും ആയിട്ട് മറ്റൊരു ഗ്രൂപ്പിനെ നിയോഗിക്കുന്നു.

**പ്രവർത്തനക്കാർഡ് 9**

| |
|---|
| **നോട്ടീസ്** |
| **പോസ്റ്റർ** |

**പ്രവർത്തനം 10**

**ആസ്വാദനം**

**ശേഷികൾ/ധാരണകൾ**

വിവിധ വ്യവഹാരരൂപങ്ങളെക്കുറിച്ച് ധാരണ നേടൽ

സർഗാത്മക രചനയിൽ ഏർപ്പെടാനുള്ള കഴിവ് നേടൽ

അധ്യാപിക നാലുവരി കവിതാസ്ലൈഡ് പ്രദർശിപ്പിക്കുന്നു.

പൂ വിരിഞ്ഞല്ലോ ഇന്നെന്റെ മുറ്റത്ത്.
പൂവിന്റെ പേരെന്ത്? പൂത്തിലഞ്ഞിയെന്നല്ലോ.
പൂവിരിഞ്ഞല്ലോ മാനത്തിൻ മുറ്റത്ത്.
പൂവിന്റെ പേരെന്ത്? പൂർണേന്ദുവെന്നല്ലോ.

കുട്ടികളോട് കവിത ചൊല്ലി അവതരിപ്പിക്കുവാൻ ആവശ്യപ്പെടുന്നു.

കവിതയുടെ തുടർച്ച എഴുതുവാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. അധ്യാപിക ആദ്യവരി ചൊല്ലി കൊടുക്കുന്നു.

**പ്രവർത്തനക്കാർഡ് 10 എ**

പൂവിരിഞ്ഞല്ലോ ഇന്നെന്റെ കൺകളിലും .......

പൂവിരിഞ്ഞല്ലോ ഇന്നെന്റെ ചുണ്ടുകളിലും ....

പൂവിരിഞ്ഞല്ലോ ഇന്നെന്റെ ഹൃദയത്തിലും .....

ഇങ്ങനെ ചോദ്യവും ഉത്തരവും ആയി പരമാവധി വരികൾ അധ്യാപികയും കുട്ടികളും ചേർന്ന് പൂർത്തിയാക്കുന്നു.

തുടർന്ന് വീരാൻ കുട്ടിയുടെ ആട്ടം എന്ന കവിതയുടെ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

**ആട്ടം**

മരത്തിൽ അവസാനം ബാക്കിയായ
ആ ഒരേ ഒരിലക്ക്
വലുതായി സന്തോഷിക്കാനാകുമോ?
ആകും!
നട്ടുച്ചയ്ക്ക് ചുവട്ടിൽ
ഒരുറുമ്പ് നടക്കുന്നുവെന്നിരിക്കട്ടെ
കാറ്റിലാടി തുടർച്ചയായി
ഉറുമ്പിന്റെ വഴിയിൽ തണലിടാൻ
ഇലയ്ക്കാകുന്നുവെന്നുമിരിക്കട്ടെ
ആട്ടത്തിന്റെ വലിഞ്ഞുമുറുകലിൽ
ഇലയടർന്നുവെന്നു വരാം
അപ്പോഴുമൊരുകുടയായി
ഉറുമ്പിനുമേൽ തന്നെ വീഴാനായാൽ
അമ്മ വന്ന് കുഞ്ഞിനെ ഒളിപ്പിച്ചതിന്
കണ്ണ് ചുവപ്പിക്കും വരെ
ആ ഇരിപ്പ് തുടരാനായാലതു
തന്നെ വലിയ സന്തോഷം.

വീരാൻകുട്ടി

കവിത കുട്ടികൾ സംഘങ്ങളിൽ വായിച്ച് അവതരിപ്പിക്കാൻ ആവശ്യപ്പെടുന്നു. ഓരോ സംഘത്തിൽ നിന്നും ഒരാളെ വീതം പൊതു അവതരണത്തിന് ക്ഷണിക്കുന്നു. വായന വിലയിരുത്തുന്നു.

കവിതയുടെ ആശയഗ്രഹണത്തിന് ഉതകുന്ന ചില ചോദ്യങ്ങൾ ഉന്നയിച്ച് അധ്യാപിക ചർച്ച നടത്തുന്നു.

കവിയുടെ ചോദ്യം ആരോടാണ്? എന്താണ് ചോദ്യം?

ഇലയ്ക്ക് സന്തോഷിക്കാനാകുന്നത് എപ്പോഴൊക്കെയാണ്?

മരത്തിൽ അവസാനം ബാക്കിയാകുന്ന ഇല എന്ന് പ്രയോഗിച്ചതിന്റെ അർഥം എന്താകാം?

അമ്മ വന്നു കുഞ്ഞിനെ ഒളിപ്പിച്ചതിന് കണ്ണ് ചുവപ്പിക്കും വരെ! എന്ന പ്രയോഗത്തിന് കാവ്യ സന്ദർഭത്തിൽ ഉള്ള സവിശേഷ അർഥം എന്താണ്?

കവിത നൽകുന്ന സന്ദേശം എന്താണ്?

കവിതയുടെ ആഖ്യാനരീതിയുടെ സവിശേഷത എന്താണ്? അത് കവിതയ്ക്ക് നൽകുന്ന സവിശേഷ സൗന്ദര്യം എന്താണ്?

ആട്ടം എന്ന ശീർഷകത്തിന്റെ ഔചിത്യം എന്താണ്?

തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിച്ച് അധ്യാപിക ചർച്ച നടത്തുന്നു. കുട്ടികളുടെ പ്രതികരണങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

ഒറ്റയായിപ്പോയ ഇലയോടാണ് കവിയുടെ ചോദ്യം. ഒറ്റയായിപ്പോകുമ്പോഴും സന്തോഷം കണ്ടെത്താൻ ആകുമോ എന്നതാണ് ചോദ്യം.

നട്ടുച്ചയിൽ ഉറുമ്പിന് നിഴൽ തീർത്ത് തണലാകാൻ കഴിയുമ്പോഴും, അടർന്നിട്ടാണെങ്കിലും ഉറുമ്പിന് കുടപിടിച്ച് തണലായി നിൽക്കാൻ കഴിയുമ്പോഴും ആണ് അതിന് സന്തോഷിക്കാൻ ആവുക.

ഒറ്റയ്ക്കാണെങ്കിലും അന്യന് ഉപകാരം തീർക്കുമ്പോഴാണ് ജീവിതം പൂർണമാകുന്നത്.

കുഞ്ഞു ഉറുമ്പിന് തണൽ നൽകുവാൻ വേണ്ടി ജീവൻ തന്നെ കളയുകയാണ് ഇല. എന്നിട്ടും ഇലയുടെ മനസ്സ് കാണാൻ അമ്മ ഉറുമ്പിന് കഴിയുന്നില്ല. മറ്റുള്ളവരുടെ വിമർശനങ്ങളിൽ തളരുകയല്ല സ്വന്തം തീരുമാനങ്ങളിൽ ഉറച്ചു നിൽക്കുകയാണ് വേണ്ടത്.

ഗദ്യ രൂപത്തിൽ എഴുതിയ കവിത ചോദ്യവും ഉത്തരവും എന്ന രീതിയിലാണ് വികസിക്കുന്നത്.

ഉറുമ്പിന് തണൽ വിരിക്കുവാനുള്ള ആട്ടത്തിലാണ് ഇലയറ്റു പോകുന്നത്. സ്വന്തം ജീവിതം ഹോമിച്ചും അന്യന് ഉപകാരപ്പെടുന്ന ഇലയുടെ ജീവത്യാഗത്തെ അർഥവത്തായി പ്രതിഫലിപ്പിക്കാൻ ആട്ടം എന്ന ശീർഷകത്തിന് സാധിക്കുന്നു.

ചർച്ചയിലെ ആശയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുവാൻ ആവശ്യപ്പെടുന്നു.

**പ്രവർത്തനക്കാർഡ് 10 ബി**

**ആസ്വാദനം**

ആസ്വാദനത്തിൽ എന്തൊക്കെ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്ന് ചർച്ച നടത്തുന്നു. കുട്ടികളുടെ പ്രതികരണങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

- ശീർഷകം
- ആമുഖം/കവിപരിചയം
- പ്രമേയം
- സവിശേഷ പ്രയോഗങ്ങൾ
- അലങ്കാരങ്ങൾ

ആഖ്യാനരീതി

* * * *